# <u>പത്രക്കുറിപ്പ്</u>

**26.07.2019** തീയതി നടക്കുന്ന എൻ.ഡി.എ യുടെ സെക്രട്ടറിയേറ്റ് മാർച്ചിനോടനുബന്ധിച്ച് അന്നേദിവസം എം.ജി റോഡിൽ പാളയം, വി.ജെ.റ്റി, സ്റ്റാച്യു, പുളിമൂട്, ആയുർവേദകോളേജ് എന്നീ ഭാഗങ്ങളിൽ കർശന ഗതാഗതക്രമീകരണം ഉണ്ടയിരിക്കുന്നതാണ്.

മാർച്ച് ആരംഭിക്കുന്ന സമയം മുതൽ തീരുന്നതുവരെ ടി റോഡിലൂടെയുള്ള ഗതാഗതം ഒഴിവാക്കി വാഹനങ്ങൾ പബ്ലിക് ലൈബ്രറി ഭാഗത്തു നിന്നും തിരിഞ്ഞ് നന്ദാവനം - ബേക്കറി - പനവിള വഴി പോകേണ്ടതാണ്.

സെക്രട്ടറിയേറ്റ് മാർച്ചുമായി ബന്ധപ്പെട്ട് ദേശീയപാത വഴി വരുന്ന വാഹനങ്ങൾ കഴക്കൂട്ടം ബൈപ്പാസ് വഴി ചാക്ക, ജനറൽ ആശുപത്രി വഴി നന്ദാവനത്തെത്തി പ്രവർത്തകരെ ഇറക്കിയ ശേഷം തിരികെ ഫോർട്ട് സ്കൂൾ പരിസരത്തോ, ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിലോ പാർക്ക് ചെയ്യേണ്ടതാണ്.

എം സി റോഡ് വഴി വരുന്ന വാഹനങ്ങൾ നന്ദാവനത്തെത്തി പ്രവർത്തകരെ ഇറക്കിയ ശേഷം വാഹനങ്ങൾ ആറ്റുകാൽ ക്ഷേത്ര പാർക്കിംഗ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

പാറശ്ശാല, നെയ്യാറ്റിൻകര, കാട്ടാക്കട, നെടുമങ്ങാട് ഭാഗത്തുനിന്നും പ്രവർത്തകരുമായി വരുന്ന വാഹനങ്ങൾ വഴുതക്കാട് വഴി നന്ദാവനത്തെത്തി ആളെ ഇറക്കിയ ശേഷം പൂജപ്പുര ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

## <u>വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ</u>

1. പി.എം.ജി യിൽ നിന്നും കിഴക്കേകോട്ട/ തമ്പാനൂർ ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ ആർ.ആർ.ലാമ്പ് - മ്യൂസിയം - വെള്ളയമ്പലം - വഴുതക്കാട് വഴി പോകേണ്ടതാണ്.
2. ചാക്ക – പേട്ട ഭാഗത്തു നിന്നും കിഴക്കേകോട്ട ഭാഗത്തേയ്ക്ക് പോകുന്ന വാഹനങ്ങൾ ജനറൽ ആശുപത്രി - ആശാൻ സ്ക്വയർ – അണ്ടർപാസ്സ് - പനവിള വഴി പോകേണ്ടതാണ്.
3. കിഴക്കേകോട്ട ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ ആയുർവേദ് കോളേജ് ഭാഗത്തു നിന്നും തിരിഞ്ഞ് കൈതമുക്ക് - വഞ്ചിയൂർ വഴി പോകേണ്ടതാണ്.
4. കിഴക്കേകോട്ടയിൽ നിന്നും പേരൂർക്കട, നെടുമങ്ങാട് ഭാഗത്തേയ്ക്കും, തമ്പാനൂരിൽ നിന്നും ആറ്റിങ്ങൽ, വെഞ്ഞാറമൂട് ഭാഗങ്ങളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ ഓവർ ബ്രിഡ്ജിൽ നിന്നും തിരിഞ്ഞ് പൊന്നറ – തൈക്കാട് - മേട്ടുക്കട – സാനഡു - വഴുതക്കാട് - വെള്ളയമ്പലം വഴി പോകേണ്ടതാണ്.

വാഹനങ്ങൾ ഗതാഗതതടസ്സം കൂടാതെ റോഡിനു സമാന്തരമായോ, ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്തിരിക്കുന്ന മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്യുവാൻ പാടില്ല. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരി ക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഏതെങ്കിലും ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

മാർച്ച് കഴിഞ്ഞ് വിവധ സ്ഥലങ്ങളിലേക്ക് പോകേണ്ട വാഹനങ്ങൾ ജനറൽ ആശുപത്രി ജംഗ്ഷനിൽ എത്തി ആളെ എടുത്ത് ബൈപ്പാസിലൂടെ തന്നെ മടങ്ങി പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണെന്ന് തിരു.സിറ്റി ജില്ലാ പോലീസ് മേധാവി ശ്രീ.ദിനേന്ദ്ര കശ്യപ് IPS അവർകൾ അറിയിച്ചിട്ടുള്ളതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:- 0471-2558731
0471-2558732

ജില്ലാ പോലീസ് മേധാവി
തിരുവനന്തപുരം സിറ്റി.